മഹിളകളോട്
29.7.2006,
ഹദീഖത്തുൽ മഹ്ദി,
ആൾട്ടൻ, ഹാമ്പ്ഷയർ

# പെൺകുട്ടികൾക്ക് ദീനീ ബോധം നൽകേണ്ടത് ഉമ്മമാരുടെ കടമയാണ്

مَا عِنْدَكُمْ يَنْفَدُ وَمَا عِنْدَ اللّٰهِ بَاقٍ وَلَنَجْزِيَنَّ الَّذِيْنَ صَبَرُوْٓا اَجْرَهُمْ بِاَحْسَنِ مَا كَانُوْا يَعْمَلُوْنَ ﴿٩٧﴾

**അ**ഹ്മദി കുടുംബത്തിൽ സൃഷ്ടിക്കുകയോ അഹ്മദിയ്യത്ത് സ്വീകരിക്കാൻ സൗഭാഗ്യം നല്കുകയോ ചെയ്തുകൊണ്ട് അല്ലാഹു ചെയ്ത ഉപകാരത്തിന് അഹ്മദി മുസ്‌ലിമായ ഒരു സ്ത്രീ അവനോട് എത്ര നന്ദി കാണിച്ചാലും അതു കുറവായിരിക്കും. അതിൽനിന്നാണ് ഇക്കാലഘട്ടത്തിന്റെ ഇമാം ഹസ്‌റത്ത് മസീഹ് മൗഊദ്(അ) മുഖേന വെളിപ്പെട്ട ഇസ്‌ലാമിന്റെ യഥാർത്ഥവും മനോഹരവുമായ പാഠത്തെക്കുറിച്ച് നിങ്ങൾക്ക് അറിവ് ലഭിച്ചത്. അറിവ് ലഭിച്ചുവെന്നു മാത്രമല്ല, ഖുർആനികാദ്ധ്യാപനമനുസരിച്ച്, സ്ത്രീകൾക്കുള്ള അവകാശം അവർക്ക് കൊടുക്കാനും അവരെ ബഹുമാനിക്കാനും അവരോട് മാർദ്ദവത്തോടും സന്തോഷത്തോടും സ്നേഹത്തോടും കൂടി പെരുമാറാനും, തന്നെ വിശ്വസിക്കുന്നവരെ അവിടന്ന് ഉപദേശിക്കുകയും ചെയ്തു.

ഒരവസരത്തിൽ ഇൽഹാമിലൂടെ ആ മഹാത്മാവിനോട് അല്ലാഹു പറഞ്ഞു: തന്നെ വിശ്വസിക്കുന്ന ആ വ്യക്തിയെ (നന്മയിലും ഭക്തിയിലും പ്രത്യേക സ്ഥാനമുണ്ടായിരുന്ന ഒരു സഹാബിയെ) ഭാര്യയോടു ദ്വേഷപ്പെടുന്നതിൽനിന്ന് തടയുക. അദ്ദേഹം ഹസ്‌റത്ത് മസീഹ് മൗഊദ്(അ)നെ സഹായിക്കുന്നവരിൽ പ്രധാനിയായിരുന്നു. അദ്ദേഹത്തിന് വലിയ സ്ഥാനമുണ്ടായിരുന്നു. പക്ഷേ, ഭാര്യയോടു ദ്വേഷപ്പെടുന്ന കാരണത്താൽ അല്ലാഹു മസീഹ് മൗഊദ്(അ)നെ അതറിയിച്ചു. മക്കളുടെ ശിക്ഷണപരമായ ഉത്തരവാദിത്തം ഏല്പിച്ചിട്ടുള്ള സ്ത്രീകളോടു അനാവശ്യമായി ദ്വേഷപ്പെടുന്നതും സത്യവിശ്വാസിനിയും സൽക്കർമ്മകാരിയുമായ സ്ത്രീയെ നിസ്സാരമായി കാണുന്നതും അല്ലാഹു ഒരിക്കലും സഹിക്കുകയില്ല. എന്തിനാണ് അവരോട് അനാവശ്യമായി കോപിക്കുന്നത്? കാര്യങ്ങൾ അവർക്ക് മനസ്സിലാക്കിക്കൊടുക്കുകയും, അത്തരം സ്ത്രീകളോട് ബഹുമാനത്തോടും ആദരവോടുംകൂടി പെരുമാറുകയുമാണ് വേണ്ടത്. ഹസ്‌റത്ത് മസീഹ് മൗഊദ്(അ)ന് ഇൽഹാമുണ്ടായി. "ഈ രീതി നല്ലതല്ല. അതിൽനിന്ന് മുസ്‌ലിംകളുടെ ലീഡറായ അബ്ദുൽകരീമിനെ തടയുക."

ഹസ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ജമാഅത്തിലുള്ളവരെല്ലാം തങ്ങളുടെ ഭാര്യമാരോട് അലിവോടും മാർദ്ദവത്തോടും കൂടി പെരുമാറണമെന്ന പാഠമാണ് ഈ വെളിപാടിലുള്ളത്. ഭാര്യമാർ വേലക്കാരികളല്ല. തങ്ങളുടെ ഭാര്യമാരോട് മൃഗീയമായി പെരുമാറിയ ചിലരെക്കുറിച്ച് അവിടന്ന് പറഞ്ഞു: അവരേയും മൃഗങ്ങളേയും തമ്മിൽ വ്യത്യാസപ്പെടുത്താൻ സാധ്യമല്ല. വേലക്കാരികളോടും മൃഗങ്ങളോടും പെരുമാറുന്നതിനേക്കാൾ മോശമായി തങ്ങളുടെ ഭാര്യമാരോട് പെരുമാറുന്നു. അടിക്കുകയാണെങ്കിൽ, താനൊരു ജീവനുള്ള സാധനത്തെയാണ് അടിക്കുന്നതെന്നുള്ള ബോധംപോലും ഉണ്ടാകുകയില്ല. ചുരുക്കിപ്പറഞ്ഞാൽ വളരെ നിന്ദ്യമായിട്ടാണ് അവരോടു പെരുമാറുന്നത്. ഇത് ഭയാനകമായ കാര്യമാണ്. ഇസ്‌ലാമിക സംസ്കാരത്തിനെതിരാണ്."

വീണ്ടും അവിടന്ന് പുരുഷന്മാരെ ഉപദേശിച്ചുകൊണ്ട് പറയുന്നു: നീചരും ഹീനരുമായി നിശ്ചയിക്കപ്പെടേണ്ടവരാണ് സ്ത്രീകളെന്ന് കരുതരുത്. അല്ല, അല്ല. നമ്മുടെ സമ്പൂർണ്ണ മാർഗ്ഗദർശി റസൂലുല്ലാഹി(സ) പറഞ്ഞിരിക്കുന്നു. ***ഖയ്റുക്കും ഖയ്റുക്കും ലിഅഹ്‌ലിഹീ*** നിങ്ങളിലുത്തമൻ നിങ്ങളുടെ ഭാര്യമാരോടു നല്ല നിലയിൽ പെരുമാറുന്നവനാണ്. ഭാര്യമാരോട് നല്ലരീതിയിൽ പെരുമാറാത്തവൻ നല്ലവനാകുന്നതെങ്ങനെ? ഭാര്യമാരോട് നല്ലനിലയിൽ പെരുമാറുന്നവനു മാത്രമേ മറ്റുള്ളവർക്ക് സൽകർമ്മവും ഉപകാരവും ചെയ്യാൻ സാധിക്കുകയുള്ളൂ."

ഇസ്‌ലാം നമുക്ക് നല്കിയിരിക്കുന്ന അദ്ധ്യാപനത്തിന്റെ ഒരു മിന്നലാട്ടമാണിത്. ഇക്കാലഘട്ടത്തിൽ ഈ അദ്ധ്യാപനം പുതിയ നിലയിൽ വീണ്ടും ഹസ്‌റത്ത് മസീഹ് മൗഊദ്(അ) നമുക്ക് നല്കിയിരിക്കുന്നു. നമുക്ക് മനസ്സിലാക്കിത്തന്നിരിക്കുന്നു. ഈ മനോഹരമായ അദ്ധ്യാപനത്തിന്റെ ഉദാഹരണങ്ങൾ, ഇന്നേക്ക് 14 നൂറ്റാണ്ട് മുമ്പേ അല്ലാഹു തന്റെ പ്രിയപ്പെട്ട നബി(സ) മുഖേന ലോകത്ത് സ്ഥാപിച്ചതാണ്. അതിന്റെ ഉദാത്തമായ മാതൃക നിലനാട്ടിക്കൊണ്ട്,

ഏറ്റവുമധികം ഭാര്യമാരോട് നല്ല നിലയിൽ പെരുമാറുന്നവൻ താനാണെന്ന് അവിടന്ന് വിളംബരം ചെയ്തു. എന്നാൽ, കാലം കഴിഞ്ഞുകടന്നതനുസരിച്ച് ഇസ്‌ലാമിന്റെ മറ്റു കല്പനകൾ പ്രാവർത്തികമാക്കുന്നതിൽ കുറവു വന്നതുപോലെ ഈ കല്പന പാലിക്കുന്നതിലും കുറവുവന്നു. അതായത് സ്ത്രീകളെ നല്ലവണ്ണം നോക്കണമെന്നും, അവരെ ബഹുമാനിക്കണമെന്നും അവരെ ആദരിക്കണമെന്നും അവരോടുള്ള കടമ നിറവേറ്റണമെന്നും പറഞ്ഞതിന് ഒരു വിലയുമില്ലാതെയായി.

കാരണം, സാത്വികയും സൽക്കർമ്മങ്ങളനുഷ്ഠിക്കുന്നവളുമായ ഒരു സ്ത്രീയുടെ സ്ഥാനം, എങ്ങനെയുള്ളതാണെന്നുവെച്ചാൽ, അവളുടെ പാദത്തിന്റെ അടിയിലാണ് സ്വർഗ്ഗമുള്ളത്. ഇക്കാലഘട്ടത്തിൽ സ്ത്രീകളുമായി ബന്ധപ്പെട്ട കല്പനകൾ നടപ്പിൽ വരുത്തുന്നതിൽ കുറവു വന്നിരിക്കുന്നു. അതുകൊണ്ട്, ആ പരിപൂർണ്ണനായ നബി(സ)യുടെ സത്യവാനായ പ്രേമിയോട്, കാലത്തിന്റെ ഇമാമിനോട് അല്ലാഹുതആല ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കാൻ പറഞ്ഞു. അതായത്, നിന്റെ ജമാഅത്തിൽ സ്ത്രീകൾക്കുള്ള അവകാശങ്ങൾ സ്ഥാപിച്ചുകൊടുക്കാൻ. ലോലഹൃദയരായ സ്ത്രീകളെ നബി(സ) തിരുമേനി കണ്ണാടിയോടാണ് ഉപമിച്ചിട്ടുള്ളത്. അതിനോട് കാഠിന്യം കാണിച്ചാൽ അത് പൊട്ടിത്തരിപ്പണമായിപ്പോകും. അവരുടെ ശരീരപ്രകൃതി മാർദ്ദവമാണ്. അല്ലാഹു സൃഷ്ടിച്ചിട്ടുള്ള അവരുടെ വികാരരീതിയിൽ നിന്ന്, അവരോട് മാർദ്ദവത്തോടും അലിവോടുംകൂടി പെരുമാറണമെന്ന് മനസ്സിലാകുന്നു. വാരിയെല്ലിനോടാണ് അവരെ സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് അവരുടെ യഥാർത്ഥപ്രകൃതിയിൽനിന്ന് നിങ്ങൾ ഫലമെടുത്തുകൊള്ളുക.

ഇങ്ങനെയുള്ള ഒരു ഇമാമിന്റെ ജമാഅത്തിൽ അംഗങ്ങളാകാനാണ് അല്ലാഹു നിങ്ങൾക്ക് സൗഭാഗ്യം തന്നിരിക്കുന്നത്. ഇക്കാലത്ത് നിങ്ങളുടെ അവകാശങ്ങൾ സ്ഥാപിച്ചുതരുന്നതിന് ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു നേരിട്ട് കല്പിച്ചിരിക്കുന്ന സ്ഥിതിക്ക്, നിങ്ങൾ എത്രമാത്രം ആ അല്ലാഹുവിന് ശുക്ർ ചെയ്തുകൊണ്ട് അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിലുണ്ടാക്കാനാഗ്രഹിക്കുന്ന മാറ്റത്തെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കാൻ അധ്വാനിക്കേണ്ടതാണ്. അല്ലാഹു വിശുദ്ധഖുർആനിൽ നിരവധി കല്പനകൾ നല്കിയിട്ടുണ്ട്. ചിലയിടത്ത് സത്യവിശ്വാസികളേ! ഇത് ചെയ്യുക എന്ന് പറഞ്ഞുകൊണ്ട് സംബോധന ചെയ്തിരിക്കുന്നു. ചിലയിടത്ത് സ്ത്രീകളേയും പുരുഷന്മാരേയും പ്രത്യേകം പ്രത്യേകം വിളിച്ചുകൊണ്ട് കല്പനകൾ നല്കിയിരിക്കുന്നു. സത്യവിശ്വാസികളേ! എന്നു വിളിച്ചതുകൊണ്ടുള്ള ഉദ്ദേശ്യം പുരുഷനും സ്ത്രീയുമാണ്. അത് വിശദീകരിച്ചുപറയുകയും ചെയ്തു. വിശുദ്ധഖുർആനിലുള്ള കല്പനകൾ, സത്യവിശ്വാസികളായ പുരുഷന്മാർക്കും സ്ത്രീകൾക്കും ബാധകമാണ്. അതിനാൽ അത് ജീവിതത്തിൽ നടപ്പാക്കാൻ ശ്രമിക്കുക. നിങ്ങൾ ഈ സൽക്കർമ്മങ്ങളനുഷ്ഠിക്കുകയാണെങ്കിൽ, എന്നെന്നും ജീവൻ പ്രദാനം ചെയ്യുന്ന പാരിതോഷികങ്ങൾകൊണ്ട് അല്ലാഹു നിങ്ങളെ അനുഗ്രഹിക്കുന്നതാണ്. അത് ഇഹലോക ജീവിതത്തിലും അല്ലാഹുവിന്റെ സമ്മാനം കൊണ്ടു നിങ്ങളെ നിറയ്ക്കും, പരലോകത്തും അവൻ പറഞ്ഞതുപോലെ, ***നഹ്നു ഔലിയാഉക്കും ഫിൽ ഹയാത്തിദ്ദുൻയാ വഫിൽആഖിറ, വലക്കുംഫീഹാ മാ തശ്ത്തഹീ അൻഫുസുക്കും വലക്കുംഫീഹാ മാ തദ്ദഊൻ*** അതായത് നാം ഇഹലോകജീവിതത്തിലും നിങ്ങളോടൊപ്പമുണ്ട്, പരലോകത്തിലും നിങ്ങളോടൊപ്പമാണ്. നിങ്ങളുടെ ആത്മാവ് ആഗ്രഹിക്കുന്നതെല്ലാം അവിടെ നിങ്ങൾക്കുണ്ടാകും. നിങ്ങൾ ആവശ്യപ്പെടുന്നതൊക്കെ അവിടെ നിങ്ങൾക്ക് ലഭിക്കും. എന്നാൽ, ഈ പാരിതോഷികം കിട്ടുന്നതിനുള്ള നിബന്ധന, ഒന്നാമതായി അവനെ വിശ്വസിക്കണം എന്നതാണ്. പിന്നെ, സ്ഥിരചിത്തതയോടെ അതിൽ നിലകൊള്ളുകയും വേണം. സ്ഥിരചിത്തതയോടെ നില്ക്കുക എന്നതിന്റെ ഉദ്ദേശ്യം ആർക്കാണോ നിങ്ങൾ ബയ്അത്ത് ചെയ്തിട്ടുള്ളത്, ഏതൊരു അല്ലാഹുവിൽ വിശ്വസിക്കുന്നുവെന്നാണോ നിങ്ങൾ വാദിക്കുന്നത്, അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുക എന്നാണ്. നിങ്ങൾ ചെയ്യേണ്ടത് യഥാർത്ഥ സത്യവിശ്വാസിയുടെ കർമ്മങ്ങളാണ്. സൽക്കർമ്മങ്ങൾ എന്നു പറയുന്നത് നന്മ നിറഞ്ഞ കർമ്മങ്ങളാണ്. നന്മയുടെ വഴിയിലേക്ക് കൊണ്ടുപോകുന്ന കർമ്മങ്ങളാണ്, എല്ലാതരത്തിലും ശരിയായിട്ടുള്ള കർമ്മങ്ങളാണ്, പരസ്പരമുള്ള കടമകൾ നിറവേറ്റുന്നതും നിർബന്ധമായ കാര്യങ്ങൾ നിർവഹിക്കുന്നതുമായ കർമ്മങ്ങളാണ്. അല്ലാഹു ഉപദേശിച്ചിട്ടുള്ള കർമ്മങ്ങളാണ്. സന്ദർഭത്തിനും സാഹചര്യത്തിനും അനുസരിച്ചു ചെയ്യുന്ന കർമ്മങ്ങളാണ്- സൽക്കർമ്മങ്ങൾ. ഒരു സംഗതി ഒരിടത്ത് അനുവദനീയമായിരിക്കും. എന്നാൽ, സാഹചര്യമനുസരിച്ചുള്ളതല്ലെങ്കിൽ

അത് സൽക്കർമ്മമാകുകയില്ല. ആരാണോ അല്ലാഹുവിന്റെ കല്നകളനുസരിച്ച് പ്രവർത്തിക്കുന്നത്, അവൻ മറ്റുള്ളവരോടും കടമ നിറവേറ്റാൻ പ്രവർത്തിച്ചു. അത്തരം പരിശുദ്ധമായ കർമ്മങ്ങളാണെങ്കിൽ, അതാണ് ഒരു സത്യവിശ്വാസിയുടെ സൽക്കർമ്മം എന്ന് പറയപ്പെടുക. അത്തരം കർമ്മങ്ങൾ ചെയ്യുന്നവർക്ക് അല്ലാഹു സന്തോഷവാർത്ത അറിയിക്കുന്നു.

***ഫലനുഹ്യിയന്നഹൂ ഹയാത്തൻ ത്വയ്യിബഃ.*** തീർച്ചയായും നാം അയാളെ നല്ല നിലക്ക് ജീവിപ്പിക്കും. (16:98) അങ്ങേയറ്റം പരിശുദ്ധമായ ഒരു ജീവിതം അവർക്ക് ലഭിക്കുന്നതാണ്. അത് പിന്നീട് അല്ലാഹുവിന്റെ പാരിതോഷികങ്ങളെ സ്വരുക്കൂട്ടിക്കൊണ്ടേയിരിക്കും. ഈ ലോകത്ത് മനുഷ്യൻ ചെയ്യുന്ന കർമ്മങ്ങൾക്കനുസരിച്ച് കർമ്മങ്ങളുടെ പ്രതിഫലം ലഭിക്കുന്നതാണ്. അത്തരം ദൃഢവിശ്വാസികൾക്കും സൽക്കർമ്മകാരികൾക്കും അവരുടെ ഇച്ഛയ്ക്കൊത്ത് പ്രതിഫലം നല്കുമെന്ന് അല്ലാഹു പറയുന്നു. അതിനാൽ നന്മയും സൽക്കർമ്മങ്ങളും ചെയ്യുക. ഇങ്ങനെ നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ ഇഹലോക വസ്തുക്കൾ വെറും താൽക്കാലികമാണെന്ന് കരുതിക്കൊള്ളുക.

ജീവിതത്തിന്റെ വഴികൾ ഇതാണെന്നും, ജീവിതോദ്ദേശ്യമിതാണെന്നും നിങ്ങൾ മനസ്സിലാക്കിയിരിക്കുന്ന, ഈ ഭൗതികവസ്തുക്കളെല്ലാം ഒരുനാൾ തീർന്നുപോകുന്നതാണ്. ഞാനോതിയ വചനങ്ങളിൽ അല്ലാഹു പറയുന്നത് ഇതുതന്നെയാണ്. അതായത് നിങ്ങളുടെ പക്കലുള്ളതെല്ലാം അവസാനിച്ചുപോകുമെന്ന്. അല്ലാഹു പറഞ്ഞു: ***മാ ഇൻദക്കും യൻഫദു വമാ ഇൻദല്ലാഹി ബാഖ്*** നിങ്ങളുടെ പക്കലുള്ളതെല്ലാം തീർന്നുപോകുന്നതാണ്. അല്ലാഹുവിന്റെ പക്കലുള്ളത് ശേഷിച്ചുനില്ക്കുന്നതുമാണ്. ***വലനജ്സിയന്നല്ലദീന സ്വബറൂ അജ്റഹും ബിഅഹ്സനി മാ കാനൂ യഅ്മലൂൻ*** സ്ഥിരചിത്തത കൈക്കൊള്ളുന്നവർക്ക് നാം അവർ ചെയ്തുകൊണ്ടിരിക്കുന്നതിൽ ഏറ്റവും നല്ലതനുസരിച്ച് അവരുടെ പ്രതിഫലം നല്കുകതന്നെ ചെയ്യും. പിന്നീട് പറഞ്ഞു: പുരുഷനോ സ്ത്രീയോ ആരായാലും സത്യവിശ്വാസിയായും കൊണ്ട് സൽപ്രവൃത്തി ചെയ്യുന്നതായാൽ തീർച്ചയായും അയാളെ നാം നല്ല നിലയ്ക്ക് ജീവിപ്പിക്കും. അവർ പ്രവർത്തിച്ചുകൊണ്ടിരിന്നതിലേറ്റവും നല്ലതനുസരിച്ച് നാം അവർക്ക് നിശ്ചയമായും അവരുടെ പ്രതിഫലം നല്കുന്നതുമാണ്.

നല്ലവണ്ണം ശ്രദ്ധിക്കുക! ചിന്തിക്കുക! തീർന്നുപോകുന്ന സാധനം വാങ്ങുകയും എന്നെന്നും നിലനില്ക്കുന്ന സാധനങ്ങളെ ഉപേക്ഷിക്കുകയും ചെയ്യുന്നവൻ എത്രമാത്രം വിഡ്ഢിയാണ്. ചിലപ്പോൾ ലോകത്ത് നന്മയിൽ നിലനില്ക്കുന്നതിനായി ഞെരുക്കത്തിലൂടെയും ബുദ്ധിമുട്ടിലൂടെയും കടന്നുപോകേണ്ടതായിവരുന്നു. കല്പനകൾ നടപ്പിൽ വരുത്താൻ ബാഹ്യമായി നോക്കുമ്പോൾ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടതായി വരുന്നു. മറ്റുള്ളവരോടുള്ള കടമ നിറവേറ്റുന്നതിനായി ത്യാഗം ചെയ്യേണ്ടതായി വരുന്നു. പക്ഷേ, നിങ്ങൾ ക്ഷമയോടെ ഇതെല്ലാം സഹിക്കുകയാണെങ്കിൽ എന്നെന്നേക്കുമുള്ള അനുഗ്രഹങ്ങൾക്ക് അവകാശികളാകുമെന്ന് അല്ലാഹു പറയുന്നു. ഇഹലോക ബുദ്ധിമുട്ടുകൾ താൽക്കാലികമാണ്. ഇതെല്ലാം അവസാനിച്ചുപോകും. നിങ്ങളുടെ വിശ്വാസത്തിലുള്ള ദൃഢതയും, ബയ്അത്ത് ചെയ്യുമ്പോൾ ചെയ്തിട്ടുള്ള പ്രതിജ്ഞകൾ പാലിക്കുകയും ചെയ്യുന്ന കാരണത്താൽ അല്ലാഹു ഉത്തമമായ അവസ്ഥ സൃഷ്ടിക്കുന്നതാണ്. അതിനുള്ള നിബന്ധന നിങ്ങൾ അക്ഷമ കാണിക്കരുതെന്നതാണ്. നിങ്ങളുടെ അക്ഷമ, അല്ലാഹുവിനോ സത്യവിശ്വാസികൾക്കോ ഒന്നും വരുത്തിവയ്ക്കുകയില്ലെന്ന കാര്യം ഓർക്കുക. അത് നിങ്ങൾക്കുതന്നെയായിരിക്കും നഷ്ടം വരുത്തുക. കല്പനകളനുസരിച്ച് പ്രവർത്തിക്കാതെ എന്തൊന്ന് നിങ്ങൾ സമ്പാദിക്കുന്നുവോ, അത് എന്നെന്നും ഗുണം ചെയ്യുന്ന വസ്തുക്കളല്ല. അതിന്റെ ദുഷ്ഫലങ്ങൾ വെളിപ്പെടാൻ തുടങ്ങുന്നത് ഈ ലോകത്തുതന്നെ നിങ്ങൾ കാണുമാറാകും.

അതിനാൽ അല്ലാഹുവിനോടുള്ള ഭയം സ്വായത്തമാക്കിക്കൊണ്ട് നന്മ നിറഞ്ഞതും സാത്വികപരവുമായിട്ടുള്ള കർമ്മങ്ങൾ ചെയ്യുക. അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് ***വ ലനജ്സിയന്നഹും അജ്റഹും ബിഅഹ്സനി മാ കാനൂ യഅ്മലൂൻ*** (അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിലേറ്റവും നല്ലതനുസരിച്ച് നാം അവർക്ക് നിശ്ചയമായും അവരുടെ പ്രതിഫലം നല്കുന്നതാണ്) എന്ന് അവൻ പറഞ്ഞതിന് നിങ്ങൾ പ്രതീകമായിത്തീരുക.

അതുകൊണ്ട് ഇക്കാലഘട്ടത്തിലെ കളിതമാശകളുടേയും കണ്ണഞ്ചിപ്പിക്കുന്ന കാര്യങ്ങളുടേയും ഫാഷനുകളുടേയും ഭൗതിക സുഖാഡംബരങ്ങളുടേയും പിന്നാലെ പോകാൻ പാടില്ലായെന്ന കാര്യം ഓരോ അഹ്മദി സ്ത്രീയും എപ്പോഴും മുമ്പിൽ വയ്ക്കുക. എന്നല്ല നിങ്ങളുടെ അനശ്വരതയ്ക്കും, ഇഹലോകത്തെ സ്വർഗ്ഗങ്ങളിൽ ഭാഗഭാക്കാകുന്നതിനും, പരലോകത്തിൽ അല്ലാഹുവിന്റെ എന്നെന്നും നിലനില്ക്കുന്ന സ്വർഗ്ഗങ്ങളുടെ അവകാശികളാകുന്നതിനും വേണ്ടി അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ച് പ്രവർത്തിക്കേണ്ട

താണ്. കാലഘട്ടത്തിന്റെ ഇമാമിൽ അതായത് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ നിങ്ങൾ ഉൾപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് ആ മഹാത്മാവ് പറഞ്ഞിട്ടുള്ള വഴിയിലൂടെ നിങ്ങൾ നടക്കേണ്ടതാണ്. ഇക്കാര്യങ്ങൾ തന്നെയാണ് നിങ്ങളോടൊപ്പം നിങ്ങളുടെ മക്കളേയും, അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് ഇഹലോകത്തും പരലോകത്തും കിട്ടുന്ന പാരിതോഷികങ്ങളുടെ അനന്തരാവകാശികളാക്കിത്തീർക്കുന്നത്.

അല്ലാഹു വാഗ്ദാനം ഒരിക്കലും തെറ്റിക്കുകയില്ല. സത്യവിശ്വാസികളെ നേരായപാതയിൽനിന്ന് തെറ്റിക്കുന്നതിനായി പതിഞ്ഞിരിക്കുമെന്ന് പ്രതിജ്ഞ ചെയ്തിട്ടുള്ളത് ശയ്ത്വാനാണെന്ന കാര്യം ഓർമ്മിച്ചുകൊൾവിൻ. അവൻ അവന്റെ ജോലി ആദ്യനാൾ മുതൽതന്നെ ചെയ്തുവരുന്നു. ശയ്ത്വാൻ വിവിധ വഴിയിലൂടെ വന്ന് ദുർബോധനങ്ങൾ ഇറ്റിക്കുന്നു. അതുകൊണ്ടാണ് ശയ്ത്വാന്റെ ദുർബോധനങ്ങളിൽ നിന്ന് രക്ഷപ്പെടാൻ അല്ലാഹു ദുആ പഠിപ്പിച്ചിട്ടുള്ളത്. ആഖ്രീന്റെ- അവസാനം വെളിപ്പെടുന്നവരുടെ കാലമായ ഇക്കാലഘട്ടത്തിൽ ശയ്ത്വാൻ വിവിധ രീതിയിൽ തന്റെ കളവുകൊണ്ട് ജനമനസ്സുകളിൽ ദുർബോധനങ്ങൾ ഇറ്റിച്ച് ആക്രമണം ചെയ്യേണ്ടതുണ്ടായിരുന്നു. അഹ്മദീ തലമുറകളെ സംരക്ഷിക്കേണ്ടതായ ഒരഹ്മദിക്ക് പ്രത്യേകിച്ച് അഹ്മദി സ്ത്രീകളും, അഹ്മദീ പെൺകുട്ടികളും- അഹ്മദീ തലമുറകളെ സംരക്ഷിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്തം നിങ്ങളെയാണ് അല്ലാഹുവിന്റെ റസൂൽ (സ) ഏല്പിച്ചിട്ടുള്ളത്- ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടാൻ ഒരുപാട് ദുആ ചെയ്യേണ്ടതാണ്. ***മിൻ ശർറിൽ വസ്വാസിൽ ഖന്നാസ്*** എന്ന ദുആ ധാരാളമായി അവർ ചെയ്യേണ്ടതാണ്. കാരണം ഇക്കാലഘട്ടത്തിൽ ദജ്ജാലി, താഗൂത്തീ ശയ്ത്വാനീ ശക്തികൾ ചിന്തിക്കാൻപോലും പറ്റാത്തവിധം വളരെ ശക്തമായനിലയിൽ ആക്രമണം നടത്തിക്കൊണ്ടിരിക്കുന്നു. അവർ അവരുടെ ദ്രോഹപ്രവർത്തനങ്ങൾ ചെയ്തും, ഉദ്ദേശ്യം പൂർത്തിയാക്കിയും മനുഷ്യമനസ്സുകളിൽ ദുർബോധനം ഇറ്റിച്ചുകൊണ്ട് പിന്നിലേക്ക് മാറിക്കളയുന്നു. ഇക്കാലത്തെ വിദ്യാഭ്യാസം എടുത്തുപറഞ്ഞുകൊണ്ട് ശയ്ത്വാൻ ചില യുവബുദ്ധികളിൽ അസ്വസ്ഥത ഉണ്ടാക്കാൻ തുടങ്ങുന്നു. ഓർമ്മിക്കുക, ആദമിനേയും ഹവ്വയേയും ഇങ്ങനെതന്നെയാണ് ശയ്ത്വാൻ നേരായ വഴിയിൽനിന്ന് തെറ്റിച്ചുകളഞ്ഞത്. അല്ലാഹു ഒരു കാര്യം ചെയ്യരുതെന്ന് അവരോട് പറഞ്ഞു. എന്നാൽ, അക്കാര്യം ചെയ്താൽ നിങ്ങൾ മറ്റുള്ളവരേക്കാൾ ഉത്തമരായിത്തീരുമെന്നും മലക്കുകളെപ്പോലെയായിത്തീരുമെന്നും അങ്ങനെയാകാതിരിക്കാനാണ് നിങ്ങളെ ദൈവം വിലക്കിയതെന്നും ശയ്ത്വാൻ അവരോട് മന്ത്രിച്ചു. അവസാനം മനുഷ്യൻ അവന്റെ കെണിയിലകപ്പെട്ടു. നഷ്ടം വഹിക്കുകയും ചെയ്തു.

ഇന്നും ശയ്ത്വാൻ വിവിധരൂപത്തിൽ നിങ്ങളെ കബളിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഭൗതികമായ ആനന്ദങ്ങളിലൂടേയും സൗകര്യങ്ങളിലൂടേയും സുഖാഢംബരങ്ങളിലേക്ക് നിങ്ങളെ ചായ്ക്കാൻ ശ്രമിക്കുന്നു. ഭൗതികമായ സുഖഭോഗങ്ങളിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് നിങ്ങളെ പറ്റിക്കുന്നു. ഈ കോഴ്സിനു ചേർന്ന് പഠിക്കുകയെന്നും, ഇത് തീർച്ചയായും ഗുണം ചെയ്യുമെന്നും പറഞ്ഞ് ചിലപ്പോൾ അവരെ പ്രേരിപ്പിക്കുന്നു. ജീവിതാവസ്ഥയിലെ പാളിച്ചകൾ എടുത്തുപറഞ്ഞുകൊണ്ട് തെറ്റായ ജോലി ചെയ്യാൻ ചിലപ്പോൾ ഉത്സാഹിപ്പിക്കുന്നു. ഈ ജോലികൾ കാരണത്താൽ ചില സ്ത്രീകൾ തങ്ങളുടെ ഭർത്താവിനോടും മക്കളോടുമുള്ള കടമകൾ അവഗണിച്ചുകളയുന്നു.

ശയ്ത്വാൻ പ്രേരിപ്പിച്ച പ്രവൃത്തി ആദമും ഹവ്വയും ചെയ്തുകഴിഞ്ഞപ്പോൾ, തങ്ങൾ ചെയ്തത് വളരെ മോശപ്പെട്ട പ്രവൃത്തിയാണെന്നുള്ള ബോധം അവർക്കുണ്ടായി. തങ്ങൾ ശയ്ത്വാന്റെ ചതിയിൽപ്പെട്ടു എന്ന് അവർക്കുതോന്നി. അല്ലാഹുവിന്റെ കല്പനയെ ധിക്കരിച്ച കാരണത്താൽ അതിന്റെ ഫലം അവരിൽ പ്രകടമാവുകയും ചെയ്തു. അപ്പോൾ അതിന്റെ തിക്തഫലം അവരുടെ മുമ്പിൽ അവർക്ക് കാണാൻ കഴിഞ്ഞു. പിന്നീട് ആദമും ഹവ്വയും തങ്ങൾ ചെയ്ത പാപത്തിന് മാപ്പു ചോദിച്ചു. ഇതേക്കുറിച്ച് അല്ലാഹു വിശുദ്ധഖുർആനിലും പറഞ്ഞു.

مَنْ عَمِلَ صَالِحًا مِّنْ ذَكَرٍ اَوْ اُنْثٰى وَهُوَ مُؤْمِنٌ
فَلَنُحْيِيَنَّهٗ حَيٰوةً طَيِّبَةً ۚ وَلَنَجْزِيَنَّهُمْ اَجْرَهُمْ
بِاَحْسَنِ مَا كَانُوْا يَعْمَلُوْنَ ﴿٩٨﴾

അങ്ങനെ അവൻ രണ്ടുപേരേയും ഒരു വലിയ ചതിയിൽപ്പെടുത്തി വഴിപിഴപ്പിച്ചു. അവർ രണ്ടുപേരും ആ മരത്തെ രുചിച്ചപ്പോൾ അവരുടെ ബലഹീനതകൾ അവർക്കു വെളിപ്പെട്ടു. അവർ രണ്ടുപേരും തോട്ടത്തിലെ ഇലകളിൽ ചിലത് തങ്ങളുടെ മേൽ പുതക്കാൻ തുടങ്ങി. (ഇസ്തിഗ്ഫാർ ചെയ്യാൻ തുടങ്ങി) അവരുടെ റബ്ബ് അവരെ വിളിച്ചു ചോദിച്ചു. ഞാൻ നിങ്ങൾ രണ്ടുപേരേയും ആ മരത്തിൽനിന്ന് നിരോധിച്ചിരുന്നില്ലേ? പിശാച് നിങ്ങളുടെ പ്രത്യക്ഷ

ശത്രുവാണെന്ന് പറയുകയും ചെയ്തിരുന്നില്ലേ?(*7:23*)

പ്രത്യക്ഷത്തിൽ നല്ലതെന്ന് തോന്നുന്ന വസ്തുക്കൾ, സൽഫലമുളവാക്കിക്കൊള്ളണമെന്നില്ലെന്ന കാര്യമോർക്കുക. പ്രത്യക്ഷത്തിൽ നല്ലതെന്ന് തോന്നുന്ന ഒരുപാട് വസ്തുക്കൾ ഉണ്ട്. പക്ഷേ, അതിന്റെ ഫലം ഭയാനകമായിരിക്കും. അതുകൊണ്ട് ഈ ജീവിതത്തിൽ ഊതിയൂതി വൃത്തിയാക്കിവേണം ചുവടു വയ്ക്കാൻ. സ്വന്തം ഉത്തരവാദിത്തം മനസ്സിലാക്കിയും സ്വന്തം പവിത്രതയെക്കുറിച്ച് ബോധവതികളായും അല്ലാഹുവിനോട് ദുആ ഇരന്നുംകൊണ്ട് ഈ എല്ലാ ജോലികളും ചെയ്യേണ്ട ആവശ്യമുണ്ട്; നല്ലതാണെങ്കിൽ അല്ലാഹുവിന്റെ സഹായമുണ്ടാവാൻതന്നെ. അല്ലാഹു വിരോധിച്ചിട്ടുള്ള ഏതു ജോലിയും, മനുഷ്യനെ വഴിതെറ്റിച്ച് അവനെക്കൊണ്ട് ചെയ്യിക്കാൻ ശയ്ത്വാൻ ശ്രമിക്കുന്നു. ശയ്ത്വാന്റെ വഴിതെറ്റിക്കുന്നരീതി വിവിധങ്ങളാണ്.

ഉദാഹരണത്തിന്, യുവതികളായ വിദ്യാർത്ഥിനികളോട് ഇന്ന കോഴ്സിന് ചേരാൻ പറയുന്നു. വിദ്യ അഭ്യസിക്കേണ്ടത് നല്ല കാര്യമാണ്, നിർബന്ധമാണ് എന്നതു ശരിതന്നെ. പുരുഷനും സ്ത്രീയും അറിവ് സമ്പാദിക്കണമെന്ന് കല്പിച്ചിട്ടുണ്ട്. പക്ഷേ, ചില പ്രത്യേകതരത്തിലുള്ള വിദ്യ അഭ്യസിക്കാൻ പെൺകുട്ടികൾക്ക് ചേർന്ന അവസ്ഥയല്ല ഇപ്പോഴുള്ളത്. ഒരു അഹ്മദീ പെൺകുട്ടിയുടെ പവിത്രത കാത്തുസൂക്ഷിക്കാനുതകുംവിധം താമസിക്കാൻ പറ്റിയ പരിതസ്ഥിതി ഇന്നില്ല. ഒരു മിക്സഡ് സൊസൈറ്റിയാണുള്ളത്. അതിൽ ഒരു അഹ്മദീ പെൺകുട്ടി ചെന്നുപെട്ടാൽ എന്തായാലും അതിന്റെ സ്വാധീനം അവളിലുണ്ടാകും. മാതാപിതാക്കൾ അടുത്തുണ്ടാകുകയില്ല. ദൂരെദൂരെയുള്ള രാജ്യങ്ങളിലായിരിക്കും അവരുണ്ടാകുക. ആ പെൺകുട്ടി പോകുന്ന ചുറ്റുപാടിന്റെ സ്വാധീനത്താൽ അവളുടെ പർദ്ദ ഇല്ലാതാകും. അവളുടെ പ്രകടനങ്ങൾ വർദ്ധിക്കും. ദുർബലയായ പെൺകുട്ടിയാണെങ്കിൽ ആ ചുറ്റുപാടിന്റെ സ്വാധീനത്തിന് വിധേയയായി, ആൺകുട്ടിയും പെൺകുട്ടിയും തമ്മിൽ ബന്ധം സ്ഥാപിക്കുന്ന ഭയാനകമായ അവസ്ഥയും ഉണ്ടായിട്ടുണ്ട്. അത് താൽക്കാലികമാണെങ്കിൽ, ജീവിതം മുഴുവൻ ദുഷ്പേരിന്റെ കലവീഴുന്നു. കുടുംബത്തിനും അത് ചീത്തപ്പേരിന് കാരണമാകുന്നു. അവർക്കുതന്നെയും അത് നാണക്കേടാകുന്നു. നാണക്കേടുകൊണ്ട് ആ പെൺകുട്ടിയുടെ മാതാപിതാക്കളുടെ ജമാഅത്തുമായിട്ടുള്ള ബന്ധവും കുറഞ്ഞുകുറഞ്ഞുപോകുന്നു. മതപരമായ അഹ്മദീ ചുറ്റുപാടുമായിട്ടുള്ള ബന്ധം കുറയുന്നു. പിന്നീട് കിട്ടുന്ന കൂട്ടുകെട്ടിന്റെ ഫലമായി പൂർണ്ണമായും സുഖാഡംബരങ്ങളിൽ പോയിവീഴുന്നു. മറ്റു കുട്ടികളും അതിൽ ആണ്ടുപോകുന്നു. അനഹ്മദിയുവാവും അഹ്മദി പെൺകുട്ടിയും തമ്മിലുള്ള ബന്ധം വളർന്ന് വളർന്ന് വിവാഹത്തിലെത്തിയാൽ, അവരുടെ തലമുറ അഹ്മദിയായിരിക്കുകയില്ല. യുവത്വത്തിന്റെ ആവേശത്തള്ളിച്ചയാൽ തെറ്റായ തീരുമാനമാണ് എടുത്തതെന്നും, ശയ്ത്വാന്റെ കബളിപ്പിക്കലിൽ പെട്ടുപോയതാണെന്നുമുള്ള ബോധം കുറേക്കഴിയുമ്പോഴാണ് ഉണ്ടാകുന്നത്.

അനഹ്മദി ആൺകുട്ടിയെക്കൊണ്ട് അഹ്മദി പെൺകുട്ടിയെ വിവാഹം കഴിപ്പിക്കുന്നതുകൊണ്ട് ഒന്നും സംഭവിക്കാനില്ലെന്ന് ചിലപ്പോൾ മാതാപിതാക്കളും കരുതിപ്പോകുന്നു. ഒരുകാലം കഴിഞ്ഞതിനുശേഷം ഇവർ മതത്തിൽനിന്ന് ഒരുപാട് അകന്നുപോകുമ്പോൾ, അപ്പോഴാണ് തങ്ങൾ ചെയ്തത് തെറ്റായിപ്പോയെന്നും തങ്ങളിൽനിന്ന് അഹ്മദിയ്യത്തിന്റെ തലമുറതന്നെ നശിച്ചുപോയെന്നും ബോധം ഉണ്ടാകുന്നത്.

ഒന്ന് ഞാൻ പറഞ്ഞതുപോലെ ഒരു പ്രവൃത്തി കാരണം മുഴുവൻ കുടുംബവും ശയ്ത്വാന്റെ മടിത്തട്ടിലേക്കുപോയിവീഴുന്നു. മതത്തിൽനിന്ന് വിച്ഛേദിക്കപ്പെടുന്നു. മറ്റേത്, ഒരുകാലം കഴിഞ്ഞതിനുശേഷം ഫലം മുമ്പിൽ വരുമ്പോൾ പെൺകുട്ടിക്കുതന്നെയും, മാതാപിതാക്കൾക്കും, യുവത്വത്തിന്റെ ആവേശത്തള്ളിച്ച ഉണ്ടായപ്പോൾ, കുട്ടികളെ ശ്രദ്ധിക്കാത്ത കാരണത്താൽ തങ്ങൾ ചെയ്ത പ്രവൃത്തിയ്ക്ക് ഫലമായി തങ്ങളുടെ തലമുറകളെ ദീനിൽനിന്നും അല്ലാഹുവിൽനിന്നും അടർത്തിയെടുത്ത് ദൂരത്തെറിഞ്ഞുകളഞ്ഞു എന്ന ബോധം ഉണ്ടാകുന്നു എന്നതാണ്.

വിദ്യ അഭ്യസിക്കാൻ കല്പനയുണ്ട് എന്നതു ശരിതന്നെ. വിദ്യ അഭ്യസിക്കുക എന്നത് അനുവദനീയമായ കാര്യവുമാണ്. പക്ഷേ, 'ബുദ്ധിയുടെ വെളിച്ചം' എന്ന് ചിലപ്പോൾ പേരുപറയുന്ന ആ വിദ്യാഭ്യാസം കൊണ്ട്, ശയ്ത്വാന്റെ ദുർബോധനങ്ങൾക്കിരയായി മതപരമായ വിദ്യാഭ്യാസം വിട്ട് സ്വയം അയഞ്ഞ നിലപാട് സ്വീകരിച്ച് അല്ലാഹു സ്ത്രീകളുടെ പവിത്രതയ്ക്ക് വേണ്ടി നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കാത്തത് കാരണത്താൽ ശരിയായ ഒരു പ്രവൃത്തിക്ക് തെറ്റായ ഫലം ഉണ്ടായി. ഈ തെറ്റായ ഫലം കാരണം ആ ശരിയായ കർമ്മം ദുഷ്കർമ്മമായി സ്ഥാപിക്കപ്പെട്ടു.

വിവാഹം കഴിക്കാനും കല്പനയുണ്ട്. പക്ഷേ, വിവാഹം ദീനിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നതായിതീർന്നാൽ അത് സൽക്കർമ്മമല്ല. ഇപ്രകാരംതന്നെ

അഹ്മദീ യുവാക്കളും അനഹ്മദി പെൺകുട്ടികളെ ഇഷ്ടപ്പെട്ട് വിവാഹം കഴിക്കുന്നു. വിവാഹത്തിനു ശേഷം അവർ തങ്ങളുടെ ഭാര്യമാരെ അഹ്ദിയ്യ ത്തിലും ദീനിലും നിലനിറുത്തുന്നില്ലെങ്കിൽ, അത് ദുഷ്ക്കർമ്മമായിത്തീരുന്നു.

എല്ലാ അനുവദനീയമായ കാര്യങ്ങളും എല്ലാ വർക്കും സൽക്കർമ്മമാകുകയില്ല. അതിനാൽ ഇക്കാ ര്യങ്ങളിൽ മാതാപിതാക്കളും ചിന്തിക്കേണ്ടതുണ്ട്. യുവതികളും യുവാക്കളും ചിന്തിക്കേണ്ട ആവശ്യ മുണ്ട്. ഒരുദാഹരണം ഞാൻ പറഞ്ഞുവെന്നേയുള്ളൂ. അത്തരം ചില സംഭാവങ്ങൾ ഉണ്ടാകാറുണ്ട്. അപ്പോൾ ഇത്തരം അവസ്ഥകൾ നമുക്ക് നേരിടേ ണ്ടിവരുന്നു. അത് നമ്മെ ചിന്താകുലരാക്കുന്നു. ഇത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാത്രമല്ല, ജോലിസ്ഥ ലങ്ങളിലും, പരിസരങ്ങളിലും, സുഹൃത്ബന്ധം ഉണ്ടാ കുമ്പോഴും അഹ്മദി യുവതികളും യുവാക്കളും തങ്ങളുടേതായ ചുറ്റുപാടുകൾ വിട്ടുകൊണ്ട് അന്യ രിൽനിന്ന് ബന്ധമെടുക്കാൻ നിർബന്ധിതരാകുന്ന ഇത്തരം അവസ്ഥകൾ ഉണ്ടാകാറുണ്ട്. അല്ലെങ്കിൽ സ്വയം അവർ അത് ശരിയാണെന്ന് മനസ്സിലാക്കു ന്നു. ചില അഹ്മദി പെൺകുട്ടികൾ, തങ്ങളുടെ സ്വാതന്ത്ര്യം പ്രകടിപ്പിക്കാനുള്ള അവകാശമെന്നനി ലയിൽ അനഹ്മദികളെ വിവാഹം കഴിക്കുന്നു. അഹ്‌ലെ കിതാബിനെ (വേദം നല്കപ്പെട്ടവർ) വിവാഹം കഴിക്കാൻ അനുവാദമുണ്ടെന്നാണ് തെളിവ് പറയുന്നത്. അത് ശരിതന്നെയാണ്. അനു വാദമുണ്ട്. പക്ഷേ, അഹ്‌ലെ കിതാബിനെ അല്ലാഹു ബഹുദൈവാരാധകരോട് ചേർത്തുകൊണ്ട് കാഫി റെന്നും പറഞ്ഞിട്ടുണ്ട്. അത്തരമാളുകളുമായി ബന്ധം സ്ഥാപിച്ച് നിങ്ങൾ നിങ്ങളുടെ തലമുറകളെ നശിപ്പി ക്കരുതെന്നും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇത് ആഴ ത്തിൽ ചിന്തിക്കേണ്ട കാര്യമാണ്. പിന്നീട് പശ്ചാത്ത പിക്കുന്നതുകൊണ്ട് ഒരു ഫലവും ഉണ്ടാകുകയില്ല. അത്തരക്കാർ പിന്നീട് വളരെ വിഷമത്തിൽ അകപ്പെ ടുന്നു. കത്തെഴുതി എന്നെയും വിഷമിപ്പിക്കുന്നു. അതുകൊണ്ട് അത്തരം തീരുമാനങ്ങൾ വികാര ങ്ങൾക്കടിപ്പെട്ടു എടുക്കുന്നതിനുപകരം ദുആ മുഖേന എടുക്കേണ്ടതാണ്. ദാമ്പത്യബന്ധം സ്ഥാപി ക്കാനുള്ള തീരുമാനം വളരെ ചിന്തിച്ചും ആലോ ചിച്ചും ദുആ ചെയ്തും എടുക്കേണ്ടതാണ്. അതു കൊണ്ടാണ് നബി(സ) തിരുമേനി പറഞ്ഞത്, നിങ്ങൾ വിവാഹം കഴിക്കാൻ ഒരുങ്ങുമ്പോൾ, സമ്പത്തോ സൗന്ദര്യമോ തറവാടോ നോക്കരുത്. നോക്കേണ്ട കാര്യം ദൈവഭക്തിയാണ്. അതിനെ നോക്കുക. ഈ നിലവാരത്തിലേക്കുയർന്നുകൊണ്ട് വിവാഹം കഴി ക്കുകയാണെങ്കിൽ, എങ്ങനെയാണ് നമ്മുടെ സാമൂ ഹികജീവിതം സമ്പൂർണ്ണമായ നിലയിൽ പരിശുദ്ധ രുടെ സാമൂഹികജീവിതമായി തീരുന്നതെന്ന് നിങ്ങൾക്ക് കാണുമാറാകും.

ഒരഹ്മദി പെൺകുട്ടിക്ക്, ഒരഹ്മദി സ്ത്രീയ്ക്ക് ഒരു പവിത്രതയുണ്ടെന്ന കാര്യം ഒരിക്കലും മറക്കരു ത്. അതിനെ സംരക്ഷിക്കേണ്ടത് അവളുടെ ഉത്തര വാദിത്തമാണ്. ദീനിൽനിന്ന് അകറ്റിക്കൊണ്ടുപോ കുന്ന ഒരു പ്രവൃത്തിയും ചെയ്യരുത്. നിങ്ങളുടെ പവി ത്രതയെ ബാധിക്കുന്ന ഒന്നും ചെയ്യാതിരിക്കുക. സ്ത്രീകൾ തൊഴിലെടുക്കുന്നതിൽ വിരോധമില്ല. വിദ്യ അഭ്യസിക്കുന്നതും വിരോധമല്ല. പക്ഷേ, ഞാൻ പറഞ്ഞതുപോലെ, വിപരീതഫലമുളവാക്കുന്ന ജോലിയാണ് വിരോധിച്ചിട്ടുള്ളത്. അതുകൊണ്ട്, തങ്ങൾക്ക് പ്രയോജനം ചെയ്യുന്ന ജോലിയും, വിദ്യാ ഭ്യാസവും പെൺകുട്ടികൾ തിരഞ്ഞെടുക്കുക. അത് മനുഷ്യകുലത്തിനും പ്രയോജനം ചെയ്യുന്നതായിരി ക്കണം.

ഉദാഹരണത്തിന്, ജിയോളജി പോലുള്ള പഠ നം. ഇത് വളരെ ഗുണകരമായ അറിവാണ്. പക്ഷേ, ഇതിനുവേണ്ടി വെളിയിൽ പോകേണ്ടിവരുന്നു. സർച്ചിനുവേണ്ടി, ദിവസങ്ങളോളം വിജനസ്ഥല ങ്ങിൽ ചുറ്റിക്കറങ്ങേണ്ടി വരുന്നു. ടൂറിന് പോകേണ്ടി വരുന്ന കാരണത്താൽ മാതാപിതാക്കളെ എപ്പോഴും ആശങ്കയിലിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. അത്തരം കോഴ്സ് എടുക്കുന്നതിനുപകരം അതിനേ ക്കാൾ ഉത്തമമായ നബി(സ) തിരുമേനി ഇഷ്ടപ്പെട്ട മറ്റു കോഴ്സുകൾ എടുത്തുപഠിക്കേണ്ടതാണ്. അതാ യത്, മതതത്വശാസ്ത്രം, സാഹിത്യശാസ്ത്രം തുടങ്ങി യവ. അഹ്മദിപെൺകുട്ടികൾ പഠിത്തത്തിൽ ബഹു സമർത്ഥകളാണ്. അവർ മെഡിക്കൽ വിദ്യാഭ്യാസം കരസ്ഥമാക്കേണ്ടതാണ്. മതവിദ്യാഭ്യാസം എല്ലാ ഓരോ പുരുഷനും സ്ത്രീയ്ക്കും നിർബന്ധമാണ്. ഇതിലൂടെ ലോകർക്കും ഗുണം ചെയ്യാൻ കഴിയും. തലമുറകൾക്കും പ്രയോജനം ചെയ്യുന്നവരായിരി ക്കും.

പെൺകുട്ടികൾ ഭാഷാപഠനം തുടങ്ങേണ്ടതാ ണ്. ഇത് വലിയൊരു കാര്യമാണ്. ഇതുമുഖേന ഒരു പാട് നേട്ടമുണ്ടാകും. ജമാഅത്തിനും നേട്ടമുണ്ടാകും. അങ്ങനെ തർജമ ചെയ്യാൻ കഴിവുള്ള സ്ത്രീകളെ നമുക്കു കിട്ടും. ലോകത്തിനും ഗുണമുണ്ടാകും. നിങ്ങളുടെ തലമുറകൾക്കും നേട്ടമുണ്ടാകും. അതു കൊണ്ട് പെൺകുട്ടികൾ അവർക്കും മനുഷ്യകുല ത്തിനും വരുംതലമുറയ്ക്കും പ്രയോജനം ചെയ്യുന്ന

വിഷയം തിരഞ്ഞെടുക്കേണ്ടതാണ്. ഏറ്റവുമധിക മായി ദീൻ പഠിക്കുന്നതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഇതുമുഖേന, വ്യർത്ഥമായ വർത്തമാനങ്ങളിൽനിന്നും മറ്റുള്ളവരെ പരിഹസിക്കുകയും അപമാനിക്കുകയും ചെയ്യുന്നതിൽനിന്നും മജ്ലിസുകളിലിരുന്ന് അതും ഇതും പറയുന്നതിൽനിന്നും രക്ഷപ്പെടുന്നതാണ്.

ഭൗതികമായ കാര്യങ്ങളും, പണമഹിമയും കാണിക്കുന്നതും അല്ലെങ്കിൽ മറ്റുള്ളവരുടെ നല്ല അവസ്ഥ കണ്ടിട്ട് അസൂയപ്പെടുകയും അവർക്ക് നഷ്ടം വരുത്തുകയും ചെയ്യുന്ന ശീലവും അവസാനിക്കുന്നതാണ്. ഓരോ അഹ്മദി സ്ത്രീയും തങ്ങളിൽ ഈ വിപ്ലവം ഉണ്ടാക്കുകയാണെങ്കിൽ ഏതു പരിതസ്ഥിതിയിലും അല്ലാഹുവിന്റെ കല്പനകൾ പാലിക്കുമെന്നും സൽക്കർമ്മങ്ങൾ ചെയ്ത് നടക്കുമെന്നും നിശ്ചയിക്കുകയാണെങ്കിൽ ലോകത്ത് അഹ്മദിയ്യത്ത് എത്രമാത്രം വേഗത്തിലാണ് പ്രചരിക്കുന്നതെന്ന് നിങ്ങൾ കാണുന്നതാണ്. ഇൻശാഅല്ലാഹ്.

ഇപ്പോൾ ഏകദൈവത്തെക്കുറിച്ച് ലോകർക്ക് പരിചയപ്പെടുത്തികൊടുക്കേണ്ട ആവശ്യമുണ്ട്. ഇതിലാണ് ലോകത്തിന്റെ അനശ്വരത നിലകൊള്ളുന്നത്. അതുകൊണ്ട്, നിങ്ങളുടെ ഓരോ കർമ്മങ്ങളും അല്ലാഹുവിനുവേണ്ടി മാത്രമായിത്തീരാൻ ശ്രമിക്കുക. ഞങ്ങൾ നബി(സ) തിരുമേനിയുടെമേൽ അല്ലാഹു ഇറക്കിയ ആ അവസാനഗ്രന്ഥമനുസരിച്ച് പ്രവർത്തിക്കുന്നവരായതുകൊണ്ടാണ് ഈ വിപ്ലവം ഞങ്ങളിലുണ്ടായതെന്നും അതുകൊണ്ട്, നിങ്ങളും നിങ്ങളുടെ അല്ലാഹുവിനെ കാണാനും നിങ്ങളുടെ അസ്വസ്ഥത അകറ്റാനും ആഗ്രഹിക്കുന്നെങ്കിൽ ഇതിലേക്ക് വരികയെന്നും നിങ്ങൾക്ക് അവരോട് പറയാൻ കഴിയണം. ശയ്ത്വാന്റെ പിന്നാലെ പോകരുതെന്നും പറയണം. അവൻ നിങ്ങളെ കബളിപ്പിക്കുകയാണ്. ലോകത്തിലെ ആനന്ദങ്ങളും സൗകര്യങ്ങളും കാണിച്ചുകൊണ്ട് നിങ്ങളെ പറ്റിക്കുകയാണ്. ലോകം നിങ്ങൾക്ക് എന്തെങ്കിലും പ്രയോജനം ചെയ്യുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഈ ഭൗതികത വെറും നരകത്തിലേക്കുള്ള വഴി കാട്ടിയാണ്. സ്വർഗ്ഗത്തിൽ പോകാനും ഇഹലോകത്ത് മനസ്സമാധാനം കൈവരിക്കാനും സൽകർമ്മങ്ങൾക്കു മാത്രമേ സാധിക്കുകയുള്ളൂ. ഇങ്ങനെ നിങ്ങൾ ലോകത്തിന് സന്ദേശമെത്തിക്കുന്നവരായി തീരുമ്പോൾ, അല്ലാഹുവിൽനിന്നുള്ള തൃപ്തി കരസ്ഥമാക്കുന്നതിനോടൊപ്പം നിങ്ങളുടെ തലമുറകളെ സംബന്ധിച്ചും ജാമ്യം എടുക്കുകയായിരിക്കും ചെയ്യുന്നത്. അവർ എന്നെന്നും സൽക്കർമ്മങ്ങളിൽ നിലകൊള്ളുന്നവരായി തീരുകയും ചെയ്യും.

എന്നാൽ, ഇതിനുവേണ്ടി ഞാൻ പറഞ്ഞതുപോലെ, എപ്പോഴും പറയാറുള്ളതുമാണ് നിങ്ങളിൽ സൽക്കർമ്മം ചെയ്യാനുള്ള ആത്മാവ് ഉണ്ടാക്കിയെടുക്കേണ്ടത് വളരെ നിർബന്ധമാണ്. നിങ്ങളുടെ ആരാധനാകർമ്മങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുകയും അല്ലാഹുവിന്റെ മറ്റുള്ള കല്പനകളും നല്ലനിലയിൽ പാലിക്കുകയും വേണം.

മറ്റൊരു കല്പന പർദ്ദയെ സംബന്ധിച്ചുള്ളതാണ്. അല്ലാഹുതആല സ്ത്രീയുടെ പവിത്രത കാത്തുരക്ഷിക്കുന്നതിനായിട്ടാണ് ഈ കല്പന നല്കിയിട്ടുള്ളത്. അല്ലാഹു പറയുന്നു: ***വലായുബ്ദീന സീനത്തഹുന്ന ഇല്ലാ മാ ളഹറ മിൻഹാ*** അവരുടെ സൗന്ദര്യം അവർ വെളിപ്പെടുത്തരുത്, അതിൽനിന്ന് സ്വയം വെളിപ്പെട്ടുപോകുന്നതല്ലാതെ. (*24:32*)

ഇതിൽ, ഒന്ന് പറഞ്ഞിരിക്കുന്നത് നഗ്നത മറയുന്നതരത്തിലുള്ള വസ്ത്രം വേണമെന്നാണ്. ജീൻസും ബ്ലൗസും ധരിച്ചുകൊണ്ട് പുറത്തിറങ്ങിയാൽ അത് തെറ്റാണ്. ചില ഉമ്മമാർ തങ്ങളുടെ കുട്ടികളെ ശ്രദ്ധിക്കാറില്ല. കുട്ടി ഇപ്പോൾ ചെറുതാണെന്നാണ് അവർ പറയുന്നത്. വാസ്തവത്തിൽ 12, 13 വയസ്സുകഴിഞ്ഞാൽ വസ്ത്രത്തെ ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. വീണ്ടും അല്ലാഹു പറയുന്നു. നിങ്ങളുടെ പുതപ്പ് നിങ്ങളുടെ നെഞ്ചിലൂടെ മാടിപുതക്കുക. പർദ്ദയെക്കുറിച്ച് വിശുദ്ധഖുർആനിൽ വിവിധ കോണിലൂടെ പറഞ്ഞിട്ടുണ്ട്. ഇപ്രകാരം അഹ്മദീ പെൺകുട്ടികളും സ്ത്രീകളും ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. അല്ലാഹു ഏതൊരു കാര്യത്തെക്കുറിച്ചാണോ തുറന്നനിലയിൽ കല്പിച്ചിട്ടുള്ളത് അത് സൽക്കർമ്മം ആണെന്നതിനെ സംബന്ധിച്ച് ഒരു സത്യവിശ്വാസിനിയുടെ മനസ്സിൽ ലവലേശം സംശയമുണ്ടാകാൻ പാടില്ല. അത് പാലിക്കുന്നതിനും അതനുസരിച്ച് പ്രവർത്തിക്കുന്നതിനും അല്പംപോലും തടസ്സവും പാടില്ല.

ഇവിടെ പഠിക്കാൻ വരുന്നതും, ജൽസയിൽ പങ്കെടുക്കാൻ വരുന്നതുമായ പാക്കിസ്ഥാനിൽനിന്നുള്ള ചില സ്ത്രീകളെ ഞാൻ കണ്ടു. എന്ത് അപകർഷതാബോധം കൊണ്ടാണ് എയർപ്പോർട്ടിൽനിന്ന് ഇറങ്ങിയുടനെ നിഖാബ്-മൂടുപടം എടുത്തുമാറ്റുന്നതെന്ന് അറിയില്ല. പിന്നീട് ഇടുന്ന തട്ടമാണെങ്കിലോ അത് ഇറങ്ങി താഴോട്ടുപോകുന്നുണ്ടാകും. മേക്കപ്പും ഇട്ടിട്ടുണ്ടാകും. ഒരു സ്ത്രീ, ഉദാഹരണത്തിന് ഡാക്ടറോ, അല്ലെങ്കിൽ മറ്റേതെങ്കിലും തൊഴിൽ ചെയ്യുന്ന സ്ത്രീയോ തന്റെ ജോലിയുടെ അടിസ്ഥാനത്തിൽ

എപ്പോഴും നിഖാബ് ഇടുന്നത് പ്രയാസമാണെങ്കിൽ, മുഖം കൂടുതൽ മറയ്ക്കാൻ കഴിയുന്ന സ്കാർഫ് വാങ്ങി അവർക്ക് ധരിക്കാൻ കഴിയും. അത്തരം ഘട്ടത്തിൽ മേക്കപ്പിടാൻ പാടില്ലാത്തതാണ്. എന്നാൽ, കുടുംബനായികയായ ഒരു സ്ത്രീ പാക്കിസ്ഥാനിൽനിന്ന് പർദ്ദ ധരിച്ച് ഇവിടെ വരികയും ഉടനെ നിഖാബ് മാറ്റിവെയ്ക്കുകയും എന്നിട്ട് മേക്കപ്പിട്ടു നടക്കുകയും ചെയ്താൽ ഇത് ഒരുവിധത്തിലും മാതൃകായോഗ്യമായ കർമ്മം എന്ന് പറയാൻ പറ്റില്ല. അത്തരം സ്ത്രീകളെ സംബന്ധിച്ച് അവർ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നതിനുപകരം ദുൻയാവിനെ ദീനിനെക്കാൾ മുന്തിക്കുകയാണ് ചെയ്യുന്നത്. അത് നമ്മുടെ ചുറ്റുപാടിനെ ദോഷകരമായി ബാധിക്കുന്നു. എന്നല്ല ചിലപ്പോൾ ഇത് കണ്ടിട്ട് ലജ്ജ തോന്നുന്നു. ഇവിടെ യൂറോപ്പിലെ അന്തരീക്ഷത്തിൽ വളർന്ന പെൺകുട്ടികൾ, സ്ത്രീകൾ അവർ പാക്കിസ്ഥാനിൽ നിന്നുവന്ന സ്ത്രീകളേക്കാൾ കൂടുതൽ പർദ്ദ ആചരിക്കുന്നവരാണ്. പാക്കിസ്ഥാനിൽനിന്നോ ഇന്ത്യയിൽനിന്നോ വന്ന സ്ത്രീകളേക്കാൾ അവരുടെ വസ്ത്രധാരണം മികച്ചതായിരിക്കും. അവിടെ ബുർഖ ധരിക്കുന്ന സ്ത്രീകൾ, പുരുഷന്മാരുടെ കല്പനയാലാണ് അത് മാറ്റിവയ്ക്കുന്നത്. അതും തെറ്റാണ് ചെയ്യുന്നത്. അല്ലാഹുവിന്റെ വ്യക്തമായ കല്പനയ്ക്കെതിരിൽ, പുരുഷന്മാരുടെ ഒരു കല്പനയും അനുസരിക്കേണ്ട ആവശ്യമില്ല. ഇനി ഈ സ്ത്രീകൾ സ്വയം അങ്ങനെ ചെയ്യുകയാണെങ്കിൽ, അത് പുരുഷന്മാർക്കും നാണക്കേടായ കാര്യമാണ്. അഹ്മദി സ്ത്രീക്ക് ഒരു പവിത്രതയുണ്ടെന്നും അതിനെ സംരക്ഷിക്കുകയെന്നും ഉപദേശിക്കേണ്ടവരാണ് ഭർത്താക്കന്മാർ.

അതുകൊണ്ട് എല്ലാതരം കോംപ്ലക്സിൽ നിന്നും സ്വതന്ത്രരായി, പുരുഷന്മാരും സ്ത്രീകളും പരിശുദ്ധരായിക്കൊണ്ട് ഈ കർമ്മം ചെയ്യേണ്ടതാണ്. സ്വന്തം പർദ്ദയെ സംരക്ഷിക്കേണ്ടതാണ്. അന്യസമുദായങ്ങളിൽനിന്ന് അഹ്മദിയ്യത്തിൽ പ്രവേശിക്കുന്ന സ്ത്രീകൾ അവരുടെ വസ്ത്രത്തെ ഇസ്ലാം നിർദ്ദേശിക്കുന്നതരത്തിലാക്കുകയും നേർത്തവസ്ത്രങ്ങൾ നീക്കി കട്ടിയുള്ള വസ്ത്രങ്ങൾ ധരിക്കുകയും കല്പനക്കനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. നിങ്ങളാണെങ്കിൽ, ഇത്തരം വസ്ത്രം മാറ്റിവെച്ചുകൊണ്ട് നേർത്ത വസ്ത്രം ധരിക്കാൻ തുടങ്ങുന്നു. അത് പിന്നീട് ഒട്ടും പർദ്ദയില്ലാത്ത അവസ്ഥയിൽ കൊണ്ടുചെന്നെത്തിക്കുന്നു. ഇത്തരം സ്ത്രീകളും പുരുഷന്മാരും ആ പുതിയതായി വരുന്ന സ്ത്രീകളിൽനിന്ന് പാഠം പഠിക്കേണ്ടതാണ്.

ദീനീപരമായ അറിവുകൾ ഉണ്ടാകുന്നതിനോടൊപ്പം ആത്മീയതയിൽ അഭിവൃദ്ധി ഉണ്ടാക്കുന്നതിനും അല്ലാഹുവിന്റെ കല്പനകൾ മുമ്പത്തേക്കാൾ അധികം പാലിക്കേണ്ടതിനും പകരം അതിൽനിന്ന് ദൂരെ മാറിപ്പോകുക എന്നത് വീണ്ടും ജഹാലത്തിന്റെ പടുകുഴിയിൽ വീഴ്ത്തുമെന്നല്ലാതെ മറ്റൊരു ഗുണവും ചെയ്യുകയില്ല. ഒരു കല്പന വിടുമ്പോൾ, അടുത്ത കല്പന ചെയ്യാൻ മടിയുണ്ടാകും. പിന്നീട് ഞാൻ ആദ്യമേ പറഞ്ഞതുപോലെ, കുട്ടികൾ ദീനിൽനിന്ന് അകലാൻ തുടങ്ങും. അങ്ങനെ പതുക്കെപ്പതുക്കെ തലമുറ തികച്ചും ദീനിൽനിന്ന് അകന്നുപോകും. നശിക്കാൻ തുടങ്ങും.

അതുകൊണ്ട് ഒരു കല്പനയേയും താഴ്ന്നതായി മനസ്സിലാക്കരുത്. ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുനിയുക. ദുൻയാവും ആഖിറത്തും ഒരുക്കിയെടുക്കുന്നതോടൊപ്പം പുതിയതായി വന്ന തലമുറകളേയും എല്ലാതരം ചതികളിൽനിന്ന് രക്ഷിക്കുകയും ചെയ്യുക. പുതിയതായി ജമാഅത്തിൽ പ്രവേശിക്കുന്ന സ്ത്രീകൾക്ക് നിങ്ങൾ മുഖേന ചതിപ്പറ്റാതെ നോക്കുക.

ഞാൻ പറഞ്ഞതുപോലെ നിങ്ങളുടെ സൽക്കർമ്മം മാത്രമായിരിക്കും തബ്ലീഗിന്റെ അടിസ്ഥാനത്തിലും, നിങ്ങളുടെ മക്കളുടേയും പുതിയതായി വരുന്ന സ്ത്രീകളുടേയും തർബിയ്യത്തിന്റെ അടിസ്ഥാനത്തിലും നിങ്ങളെ അഹ്മദിയ്യത്തിനായി ഫലപ്രദമായ അസ്തിത്വമാക്കിത്തീർക്കുക. അതുകൊണ്ട് നിങ്ങൾ എല്ലാവരും ചെറുപ്പക്കാരികളായ കുട്ടികളും സ്ത്രീകളും ആത്മപരിശോധന നടത്തുക. നിങ്ങളുടെ ഉള്ളിലേക്ക് എത്തിനോക്കുക. അല്ലാഹു എന്തൊന്ന് ചെയ്യാനാണോ നിങ്ങളോട് കല്പിച്ചിട്ടുള്ളത്, അല്ലാഹു ഏതൊരു അദ്ധ്യാപനമാണോ നിങ്ങളിൽ നടപ്പിൽവരുത്താൻ ആഗ്രഹിക്കുന്നത്, ഏത് ആത്മാവ് ഉണ്ടാക്കാനാണോ ആഗ്രഹിക്കുന്നത്, നിങ്ങൾ എത്രത്തോളം അത് നടപ്പിൽവരുത്തുന്നുണ്ടെന്ന് നോക്കുക. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ വന്നിട്ട്, ബയ്അത്തിന്റെ നിബന്ധനകൾ ഏറ്റുപറഞ്ഞതിനുശേഷം എത്രത്തോളം അത് നടപ്പിൽവരുത്താൻ ശ്രമിക്കുന്നുണ്ട്, മക്കളിൽ എത്രത്തോളം ഈ ആത്മാവ് ഊതുന്നുണ്ട്? അല്ലാഹുവിന്റെ കല്പനകൾ നടപ്പിൽ വരുത്തുന്നതിലൂടെയും നബി(സ) തിരുമേനിയുടെ ജീവിതചര്യയനുസരിച്ച് പ്രവർത്തിക്കുന്നതിലൂടെയുമാണ് ഇന്ന് ലോകത്തിന് മോക്ഷം ലഭിക്കുന്നത്. നമ്മുടെ

എല്ലാ കഴിവുകളും അനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് ലോകരെ ഈ ഭാഗത്തേക്കു കൊണ്ടുവരാൻ നാം ശ്രമിക്കേണ്ടതാണ്. സൽകർമ്മങ്ങൾ നടപ്പിൽ വരുത്തുന്നതിലൂടെ മാത്രമേ ലോകത്തെ കുഴപ്പങ്ങൾ അവസാനിക്കുകയുള്ളൂ. വിശുദ്ധഖുർആൻ സമ്പൂർണ്ണമായ അദ്ധ്യാപനമാണ്. അത് പഠിക്കുക. അതനുസരിച്ച് ജീവിക്കുക. ഒരുതരത്തിലുള്ള അപകർഷതാബോധത്തിലും പെട്ടുപോകരുത്. മറിച്ച്, ഞാൻ പറഞ്ഞതുപോലെ അതിന്റെ അദ്ധ്യാപനത്തിനനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് ലോകത്തെ ഇതിലേക്ക് വിളിക്കുക. ആ കർമ്മങ്ങൾ അനുഷ്ഠിച്ച് കാണിക്കുക. നിങ്ങളുടെ ആ മികച്ച കർമ്മങ്ങൾ കണ്ടിട്ട്, അനഹ്മദീ സ്ത്രീകൾ നിങ്ങളിൽനിന്ന് മാർഗ്ഗദർശനം തേടാൻ. ഭൗതികരായ സ്ത്രീകൾ നിങ്ങളുടെയടുത്ത് ഈ ചോദ്യവുമായി വരണം, ഞങ്ങൾ ചില ഭൗതികജ്ഞാനങ്ങളിൽ ഉയർന്നവരാണെങ്കിലും പ്രത്യക്ഷത്തിൽ ഞങ്ങൾ സ്വതന്ത്രരായ അന്തരീക്ഷത്തിലാണ് ജീവിക്കുന്നത്. എന്നിട്ടും ഞങ്ങൾക്ക് മനസ്സമാധാനമോ ശാന്തിയോ കിട്ടുന്നില്ല. ഞങ്ങളിൽ ഒരസ്വസ്ഥതയുണ്ട്. ഞങ്ങളുടെ കുടുംബങ്ങളിൽ വിഭാഗീയതയുണ്ട്. ഒരു കാലത്തിനുശേഷം ഭാര്യയും ഭർത്താവും തമ്മിലുള്ള വിടവ് അകന്നകന്നുപോകുന്നു. ഇത് ഞങ്ങളുടെ കുട്ടികളേയും ബാധിക്കുന്നു. സമാധാനവും ശാന്തിയും കിട്ടുന്നില്ല. എന്നാൽ നിങ്ങളുടെ വീടുകളുടെ ചിത്രം, അവരുടെ വീടുകളിൽനിന്ന് തികച്ചും വ്യത്യസ്തമായി അവർ കാണുന്നു. നിങ്ങളുടെ വീട് സമാധാനംകൊണ്ട് നിറഞ്ഞതായും അവർ കാണുന്നു. അവർ നിങ്ങളെ മോഡലായി മനസ്സിലാക്കുന്നു. നിങ്ങൾ കരസ്ഥമാക്കിയ ഈ സമാധാനം എങ്ങനെ ഞങ്ങൾക്ക് കരസ്ഥമാക്കാൻ കഴിയുമെന്ന് പറഞ്ഞുതരിക. എന്നവർ ചോദിക്കണം. ഈ രീതിയിലുള്ള ചോദ്യം അന്യരിൽനിന്ന് നിങ്ങളോടുണ്ടാകുന്ന ഒരവസ്ഥ ഉണ്ടാകണം. അല്ലാഹു മനുഷ്യനെ ഏതൊരു ഉദ്ദേശ്യത്തിനായിട്ടാണോ സൃഷ്ടിച്ചിട്ടുള്ളത് അതിനെ നിങ്ങൾ മറന്നുകളഞ്ഞെന്ന് അവരോട് പറയുക. പുരുഷനും സ്ത്രീയും അതനുസരിച്ച് പ്രവർത്തിക്കുന്നില്ല. അവനെ ആരാധിക്കുകയെന്നതാണത്. സൽക്കർമ്മങ്ങൾ ചെയ്യുക എന്നതാണത്. എങ്കിലേ നിങ്ങൾക്ക് യഥാർത്ഥ ഇസ്‌ലാമിനെ കാണാൻ കഴിയുകയുള്ളൂ. വീടിന്റെ സൂക്ഷിപ്പും, ഭർത്താവിന്റെ സംരക്ഷണവും നമ്മുടെ മതം സ്ത്രീയെ ഏല്പിക്കുന്നു. നിങ്ങൾ അല്ലാഹുവിനെ തിരിച്ചറിയാത്തിടത്തോളംകാലം, നിങ്ങളുടെ ഉത്തരവാദിത്തം മനസ്സിലാക്കാത്തിടത്തോളംകാലം നിങ്ങളുടെ വീട്ടിൽ സമാധാനം ഉണ്ടാകുകയില്ല. വളരെ പുരോഗതി കൈവരിച്ചിരിക്കുന്നു എന്നാണ് നിങ്ങൾ മനസ്സിലാക്കിയിരിക്കുന്നത്. അപ്പോൾ അല്ലാഹു ഉണ്ടെന്നകാര്യം നിങ്ങൾ മറന്നുകളഞ്ഞു.

അതുകൊണ്ട് അഹ്മദിസ്ത്രീകളായ നിങ്ങൾ ഒരുതരത്തിലുമുള്ള അപകർഷതാബോധവും കൂടാതെ ഉൽകർഷതാബോധം ഉണ്ടാക്കുക. നിങ്ങളുടെ അദ്ധ്യാപനം പൂർണ്ണവും തികവുറ്റതുമാണെന്ന് മനസ്സിലാക്കുക. വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങളിലേക്ക് പൂർണ്ണമായും ശ്രദ്ധിക്കുക. അത് ജീവിതത്തിൽ പകർത്തുക. ഇങ്ങനെയായാൽ നിങ്ങൾ ഇൻശാഅല്ലാഹ് ലോകത്തിന്റെ വഴികാട്ടിയായി മാറും. ഈ ലോകത്തിന്റെ പിന്നാലെ മാത്രം ഓടുകയാണെങ്കിൽ അല്ലാഹു പറഞ്ഞതുപോലെ അതെല്ലാം നശിച്ചുപോകും. കൈമലർത്തി ഇരിക്കേണ്ടിവരും. അല്ലാഹു അവന്റെ വാഗ്ദാനമനുസരിച്ച് ഹസ്‌റത്ത് മസീഹ് മൗഊദ്(അ)ന് ഈ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്ന മറ്റൊരു ജനതയെ നല്കുകയും ചെയ്യും. പക്ഷേ, ഞാൻ പ്രതീക്ഷിക്കുന്നു ഇൻശാഅല്ലാഹ്. ഈ ബഹുമതി ബുദ്ധിമുട്ടിന്റെ നേരത്ത് അഹ്മദിയ്യത്ത് സ്വീകരിക്കാൻ തൗഫീഖ് കിട്ടിയ ആ പഴയ കാല അഹ്മദികളുടേയും കുടുംബങ്ങളുടേയും സ്ത്രീയുടേയും കൈയിൽതന്നെയിരിക്കുന്നതാണ്.

നിങ്ങൾ ഒരിക്കലും ഈ ബോധം നഷ്ടപ്പെടുത്തിക്കളയരുത്. ഇൻശാഅല്ലാഹ്. അല്ലാഹു നിങ്ങൾക്ക് തൗഫീഖ് നല്കുമാറാകട്ടെ. അതുകൊണ്ട് അല്ലാഹു നിങ്ങൾക്ക് നല്കിയ ഈ മഹത്തായ നിഅ്മത്തിനെ വിലമതിക്കുക. നിങ്ങളുടെ ഓരോ ചുവടും അല്ലാഹുവിന്റെ കല്പനകൾ പാലിക്കുന്നതിൽ മുന്നോട്ടു മുന്നോട്ടു പോകുന്ന ചുവടായി തീരുമാറാകട്ടെ. നിങ്ങൾ അടുത്ത തലമുറയുടെ മനസ്സിലും അല്ലാഹുവിന്റെ ദീനിന്റെ മഹത്വം ഉണ്ടാക്കിക്കൊണ്ട് പോകുന്നവരായി മാറട്ടെ. അല്ലാഹു അങ്ങനെതന്നെ ആക്കുമാറാകട്ടെ. ദുആ ചെയ്യുക.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 29.7.2006 at Hadeeqathul Mahdi, Alton,Hampshire

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala
Web: www.alislam.org